തിരുവനന്തപുരം
06.04.2016

സുഹൃത്തേ,

ഒരു തീയതിയും വയ്ക്കാതെയുള്ള നിങ്ങളുടെ ലെറ്റർ പാഡിൽ *“സ്വന്തമായി ഒഫിഷ്യൽ മേൽവിലാസമോ, ലെറ്റർ ഹെഡ്ഡോ, സീലോ ഇല്ലാത്തവരും സ്വന്തം കേന്ദ്രത്തിൽ വെച്ച് തയ്യാറാക്കുകയും ഒപ്പിട്ട് കൈമാറുകയും ചെയ്ത കരാറിന്റെ ഒറിജിനൽ കോപ്പി സൂക്ഷിക്കാൻ പോലുമുള്ള സംവിധാനമില്ലാത്തവരും കൈമാറുന്ന കത്തിൽ ഒപ്പുവെക്കാൻ മാത്രം നിരന്തരം പച്ചക്കള്ളങ്ങൾ അനുവർത്തിക്കുന്നവരുമായി ആരുമായും സംവാദങ്ങൾ നടത്തേണ്ടതില്ലെന്ന് നിച്ച് ഓഫ് ട്രൂത്ത് തീരുമാനിച്ച വിവരം താങ്കളെ സസന്തോഷം അറിയിക്കുന്നു”* എന്ന് പറഞ്ഞുകൊണ്ട്, 2016 മാർച്ച് 21 തിങ്കളാഴ്ച നിച്ച് ഓഫ് ട്രൂത്തിന്റെ ഇ-മെയിൽ ഐഡിയിൽ (islam@nicheoftruth.org) നിന്ന്, ഒറ്റവരി മറുപടി മെയിൽ ഞങ്ങൾക്ക് ലഭിക്കുകയുണ്ടായി. അത്യന്തം രസത്തോടെയാണ് ഞങ്ങൾ നിങ്ങളുടെ മറുപടി വായിച്ചത്. സംവാദത്തിന് വരാത്തതിനുള്ള നിങ്ങളുടെ കാരണങ്ങൾ ഞങ്ങളെ ഒരേസമയം ആഹ്ലാദിപ്പിക്കുകയും നിരാശപ്പെടുത്തുകയും ചെയ്തു. സാക്ഷിയുമായി സംവാദം നടത്താത്തതിനെ സംബന്ധിച്ച് വർഷങ്ങളായി നിങ്ങൾ പ്രചരിപ്പിക്കുന്ന കല്ലുവെച്ച നുണകൾ ഈ മറുപടിയിലൂടെ നിങ്ങൾ തന്നെ ഖണ്ഡിച്ചതാണ് ഞങ്ങൾക്ക് ആഹ്ലാദം പകർന്നത്. ഞങ്ങളെ നിരാശപ്പെടുത്തിയത്,

(a) സംവാദത്തിൽ നിന്നും ഒഴിയാനുള്ള നിങ്ങളുടെ കാരണങ്ങൾ യുക്തിരഹിതമായവയാണ്.

(b) സംവാദത്തിൽ നിന്നും ഒഴിയാൻ വേണ്ടി നിങ്ങൾ പറഞ്ഞ കാരണങ്ങൾ നിങ്ങളുടെ വിശ്വാസജീവിതവുമായി ബന്ധപ്പെട്ട് പ്രയോഗിക്കുകയാണെങ്കിൽ നിങ്ങൾക്ക് ഇസ്ലാം മതം തന്നെ വിട്ടു പോകേണ്ടി വരും എന്നറിഞ്ഞിട്ടും എങ്ങനെയെങ്കിലും സാക്ഷിയുമായുള്ള സംവാദത്തിൽ നിന്നും രക്ഷപ്പെടാൻ വേണ്ടി ആ കാരണങ്ങൾ തന്നെ നിങ്ങൾ ഉപയോഗിച്ചിരിക്കുന്നു.

(c) ഇസ്ലാമിന്റെ പൊള്ളത്തരത്തിന്റെ വ്യാപ്തി എത്ര വലുതാണെന്ന് നേർക്കുനേരെയുള്ള ഒരു സംവാദത്തിൽകൂടി തുറന്നു കാട്ടുവാനും അതു മുഖാന്തരം സമാധാനവും സത്യവും അന്വേഷിക്കുന്ന അനേകം മുസ്ലീങ്ങൾക്ക് സത്യദൈവത്തെ തിരിച്ചറിയാനും ആ സത്യദൈവം ഒരുക്കിയിരിക്കുന്ന നിത്യരക്ഷയിലേക്ക് കടന്നു വരാനുമുള്ള അസുലഭാവസരം നഷ്ടമാവുകയും ചെയ്തിരിക്കുന്നു.

ഇതെല്ലാമാണ് ഞങ്ങളെ നിരാശപ്പെടുത്തിക്കളഞ്ഞത്.

എന്നിരുന്നാലും ഞങ്ങൾ പൂർണ്ണമായും നിരാശപ്പെട്ട് പോയിട്ടില്ല, സാക്ഷി അപ്പോളജെറ്റിക്സ് നെറ്റ്വർക്കുമായി ഒരു സംവാദത്തിന് നിച്ച് ഓഫ് ട്രൂത്ത് തയ്യാറാകും എന്ന് തന്നെയാണ് ഈ അവസാന നിമിഷത്തിലും ഞങ്ങൾ പ്രതീക്ഷിക്കുന്നത്. ഇത്രയും നാൾ കള്ളത്തരങ്ങൾ പറഞ്ഞുകൊണ്ട് അനുയായികളുടെ മുന്നിൽ പിടിച്ചു നിന്നത് പോലെ ഇനി നിങ്ങൾക്ക് പിടിച്ചു നിൽക്കാൻ സാധിക്കുകയില്ല. ഇപ്പോൾ നിങ്ങൾ അയച്ച ഈ ഒറ്റവരി കത്ത് നിങ്ങളുടെ ഇതുവരെയുള്ള കള്ളത്തരങ്ങളെ മാത്രമല്ല, നിങ്ങളുടെ സഹജമായ ഇരട്ടത്താപ്പുകളെയും തുറന്നു കാട്ടുന്നതാണ്. നിങ്ങളുടെ ഒറ്റവരി

കത്തിന്റെ ഓരോ പോയിന്റും എടുത്ത് മറുപടി പറയാൻ ഞങ്ങൾക്ക് അത്യധികമായ സന്തോഷമേയുള്ളൂ. ‘നമ്മൾ തമ്മിലുള്ള കത്തിടപാടുകൾ ഞങ്ങളുടെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതാണ്’ എന്ന് ഞങ്ങൾ നിങ്ങൾക്ക് വാക്ക് തന്നിട്ടുള്ളത് കൊണ്ടും, പറഞ്ഞ വാക്ക് പാലിക്കുന്നതിൽ ദത്തശ്രദ്ധരാണ് ഞങ്ങൾ എന്നുള്ളത് കൊണ്ടും ‘സാക്ഷിയുമായുള്ള സംവാദത്തിൽ നിന്നും രക്ഷപ്പെടാൻ വേണ്ടി നിച്ച് ഓഫ് ട്രൂത്ത് എന്ത് കള്ളത്തരവും കാണിക്കും’ എന്ന സത്യം നിഷ്പക്ഷ മനസ്സോടുകൂടെ ഈ കത്തിടപാടുകൾ വായിക്കുന്നവർക്ക് ബോധ്യപ്പെടാൻ വേണ്ടി ഞങ്ങൾ നിങ്ങളുടെ ഒറ്റവരിക്കത്തിലെ ഓരോ പോയിന്റിനും വിശദമായിത്തന്നെ മറുപടി തരുന്നു.

I പോയിന്റ് ഒന്ന്, നിങ്ങളുടെ നുണകളെ സംബന്ധിച്ച്:

നിങ്ങൾ ആദ്യം പറഞ്ഞുകൊണ്ടിരുന്നത് ‘സംവാദത്തിനുപയോഗിക്കേണ്ട പ്രമാണഗ്രന്ഥങ്ങൾ ഏതൊക്കെയാണ് എന്ന വിഷയത്തിൽ നിച്ച് ഓഫ് ട്രൂത്തും സാക്ഷിയും തമ്മിൽ ഏകാഭിപ്രായം ഇല്ലാത്തത് കൊണ്ടാണ് സംവാദം നടക്കാത്തത്’ എന്നായിരുന്നു. ‘ഖുർആനും സ്വഹീഹായ ഹദീസുകളും മാത്രം വെച്ചുകൊണ്ട് ഞങ്ങൾ സംവാദത്തിന് തയ്യാറാണ്’ എന്ന് നിങ്ങൾക്ക് എഴുതുക മാത്രമല്ല, പല വേദികളിലും ഞങ്ങൾ ഇക്കാര്യം ആവർത്തിക്കുകയും ചെയ്തിട്ടും നിങ്ങൾ ഈ വ്യാജം തന്നെയാണ് കുറേക്കാലം പറഞ്ഞുകൊണ്ട് നടന്നത്. ‘ഖുർആനും സ്വഹീഹായ ഹദീസുകളും മാത്രം പ്രമാണമായി എടുത്തുകൊണ്ട് സംവാദം നടത്താൻ സാക്ഷി ഒരുക്കമാണ്, പക്ഷേ ഇസ്ലാമിന്റെ വികൃത മുഖം പൊതുജനമദ്ധ്യത്തിൽ അനാവരണം ചെയ്യപ്പെടുമോ എന്ന ഭീതിയാൽ സംവാദത്തിന് വരാതെ ഒഴിഞ്ഞു മാറുന്നത് നിച്ച് ഓഫ് ട്രൂത്തുകാരാണ്’ എന്ന് പലവേദികളിൽ സാക്ഷിയുടെ പ്രഭാഷകർ പ്രസംഗിക്കാൻ തുടങ്ങിയതോടെ നിങ്ങൾ നിലപാട് മാറ്റി.

അടുത്തതായി നിങ്ങൾ പറഞ്ഞത് ‘സാക്ഷിയും നിച്ചും തമ്മിൽ എഴുതി ഒപ്പിട്ട പഴയൊരു കരാർ നിലനിൽക്കുന്നുണ്ട്, ഒരു കരാർ നിലനിൽക്കുമ്പോൾ അത് റദ്ദ് ചെയ്യാതെ പുതിയൊരു കരാർ എഴുതാൻ ഞങ്ങൾക്ക് പ്രമാണമില്ല, അതുകൊണ്ട് നിച്ചുമായുള്ള പഴയ കരാർ റദ്ദാക്കുന്നു എന്ന് സാക്ഷിയുടെ ആളുകൾ എഴുതി തരട്ടെ, പിന്നെ പുതിയൊരു കരാർ എഴുതിയിട്ട് ആ കരാറിന്റെ അടിസ്ഥാനത്തിൽ സംവാദം നടത്താം’ എന്നാണ്. ‘അങ്ങനെയൊരു കരാർ ഞങ്ങൾ തമ്മിൽ ഇല്ല, ഉണ്ടെന്ന് പറയുന്ന നിച്ച് ഓഫ് ട്രൂത്തുകാർ ആ കരാറിന്റെ സ്കാൻ ചെയ്ത കോപ്പി അവരുടെ വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തട്ടെ. അങ്ങനെ പ്രസിദ്ധപ്പെടുത്തിയാൽ, ആ കരാറിൽ എഴുതിയിരിക്കുന്ന വ്യവസ്ഥകൾ എന്തെല്ലാമാണോ, ആ വ്യവസ്ഥകൾ പ്രകാരം സംവാദം നടത്താൻ സാക്ഷി ഒരുക്കമാണ്’ എന്ന് സാക്ഷിയുടെ പ്രഭാഷകർ അതിന് മറുപടി പറഞ്ഞെങ്കിലും ഇന്നുവരെ ആ കരാറിന്റെ കോപ്പി നിങ്ങളുടെ വെബ്സൈറ്റിൽ നിങ്ങൾ ഇട്ടിട്ടില്ല. ഇല്ലാത്ത കരാർ എങ്ങനെ ഇടാനാണ്, അല്ലേ?

നമ്മൾ തമ്മിൽ എപ്പോഴാണ് ഒരു കരാർ എഴുതി ഒപ്പിട്ടിരിക്കുന്നത്? കരാറിന്റെ ഒരു നക്കൽ എഴുതി ഒപ്പിട്ടിട്ടുണ്ട്. ഇരുപക്ഷത്തു നിന്നുമുള്ള ഓരോ സംവാദ വിഷയങ്ങളും സംവാദകന്മാരും സ്ഥലവും തിയ്യതിയും സാമ്പത്തിക കാര്യങ്ങളുടെ ഉത്തരവാദിത്തവും ആധികാരിക പ്രമാണങ്ങളിൽ നിന്നു മാത്രമേ ഇരുപക്ഷവും ഉദ്ധരിക്കാവൂ

Post Box No: 1, Koovalassery P.O,
Trivandrum, Kerala, India - 695 512
Email: sakshi.apologeticsnetwork@gmail.com Website: www.sakshitimes.net

SAKSHI APOLOGETICS NETWORK Post Box No.1 Koovalassery P.O., TVM 695 512

എന്നൊക്കെയാണ് ആ നക്കലിൽ ഉണ്ടായിരുന്നത്. സംവാദത്തിന് വേണ്ടിയുള്ള അന്തിമമായ കരാർ ഒപ്പിടുന്നതിനു മുൻപ്, ചർച്ച മുന്നോട്ടു പോകാൻ വേണ്ടിയാണ് പ്രാഥമിക കരാർ അഥവാ അന്തിമ കരാറിന്റെ ഈ നക്കൽ ഒപ്പിട്ടത്. അന്തിമ കരാർ ഒപ്പിടുന്നതോടെ ഈ നക്കൽ അസാധുവായിത്തീരുകയും ചെയ്യും. വസ്തുത ഇതായിരിക്കെ നിങ്ങൾ ആ നക്കലിനെ തന്നെ ഒറിജിനൽ കരാറാക്കി മാറ്റിയത് 'സാക്ഷിയാണ് സംവാദത്തിന് വരാതെ പേടിച്ച് ഒളിച്ചോടുന്നത്' എന്ന് പറഞ്ഞ് പാവം മുസ്ലീങ്ങളെ പറ്റിക്കാനാണ് എന്ന് വ്യക്തം!

നമ്മൾ തമ്മിൽ എഴുതി ഒപ്പിട്ട കരാർ നിങ്ങളുടെ കൈവശമുണ്ടെങ്കിൽ അത് നിങ്ങളുടെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കാൻ ഞങ്ങൾ ആവശ്യപ്പെട്ടതോടെ കരാറിന്റെ പേര് പറഞ്ഞ് സംവാദത്തിൽ നിന്നും ഒഴിയാം എന്നുള്ള നിങ്ങളുടെ തന്ത്രം പൊളിഞ്ഞു. ഇപ്പോഴിതാ സംവാദത്തിൽ നിന്നും ഒഴിയാൻ പുതിയൊരു ന്യായം നിങ്ങൾ കണ്ടുപിടിച്ചിരിക്കുന്നു, ലെറ്റർ പാഡിൽ എഴുതി, സീൽ വെച്ച കത്തിന്റെ സ്കാൻ ചെയ്ത കോപ്പി ആയിരിക്കണം ഇരു കൂട്ടരും അയക്കേണ്ടതെന്ന്. സാക്ഷിക്ക് ലെറ്റർപാഡും സീലും ഇല്ലെന്ന് തൊടുന്യായം പറഞ്ഞ് സംവാദത്തിൽ നിന്നും ഏകപക്ഷീയമായി നിച്ച് പിന്മാറുകയും ചെയ്തിരിക്കുന്നു. ഈയൊരൊറ്റ കാര്യത്തിൽ നിന്ന് തന്നെ നിങ്ങളുടെ ഇരട്ടത്താപ്പ് വെളിവാകുന്നുണ്ട്. സാക്ഷിയുമായി നിങ്ങൾ മുൻപ് കരാർ എഴുതിയിട്ടുണ്ട് എന്നാണല്ലോ നിങ്ങൾ ഇതുവരെ പറഞ്ഞ് നടന്നത്, ലെറ്റർ പാഡും സീലും ഇല്ലാത്ത സംഘടനയാണ് സാക്ഷിയെങ്കിൽ, അങ്ങനെയുള്ള ഒരു സംഘടനയുമായി നിങ്ങൾ സംവാദത്തിനുള്ള കരാർ ഒപ്പിട്ടത് എന്തിനാണ്? രണ്ട് സംഘടനകൾ തമ്മിലുള്ള കരാർ പ്രാബല്യത്തിൽ വരുന്നത്, സംഘടനകളുടെ ലെറ്റർപാഡുകളിൽ എഴുതി, രണ്ട് കൂട്ടരുടെയും സീലുകളും പതിപ്പിച്ച് അതിന് താഴെ ഇരു സംഘടനകളും ചുമതലപ്പെടുത്തിയ വ്യക്തികൾ ഒപ്പിടുമ്പോൾ മാത്രമാണ് എന്നുള്ള കാര്യം ഏതു കൊച്ചു കുട്ടിക്കും അറിയാവുന്നതാണ്. ലെറ്റർപാഡും സീലും ഇല്ലാത്ത സംഘടനയെന്ന് നിങ്ങൾ സാക്ഷിയെ പരിഹസിക്കുകയും അപ്പോൾത്തന്നെ, സാക്ഷിയുമായി ഞങ്ങൾ ഒപ്പിട്ട പഴയ കരാർ നിലനിൽക്കുന്നുണ്ട് എന്ന് വാദിക്കുകയും ചെയ്യുന്നത് തികഞ്ഞ ഇരട്ടത്താപ്പല്ലാതെ വേറെ എന്താണ്? എന്തായാലും ഈ ഒന്നാം പോയിന്റിനോട് ബന്ധപ്പെട്ട് ഞങ്ങൾക്ക് നിങ്ങളോട് ചില ചോദ്യങ്ങൾ ചോദിക്കാനുണ്ട്. ആർജ്ജവവും സത്യസന്ധതയും ലവലേശമെങ്കിലും നിങ്ങളിൽ അവശേഷിക്കുന്നുണ്ട് എന്ന് നിങ്ങളുടെ അണികളെ ബോദ്ധ്യപ്പെടുത്താനെങ്കിലും നിങ്ങൾ ആ ചോദ്യങ്ങൾക്ക് മറുപടി തരും എന്ന് ഞങ്ങൾ പ്രതീക്ഷിക്കുന്നു.

(1) ആധികാരികമായ ഇസ്ലാമിക പ്രമാണങ്ങളെ സംബന്ധിച്ചുള്ള തർക്കം മൂലമാണ് സാക്ഷിയുമായി നിച്ച് സംവാദം ചെയ്യാത്തത് എന്ന് നിങ്ങൾ നുണ പറഞ്ഞു കൊണ്ടിരിക്കുന്നു. ആധികാരികമായ പുസ്തകങ്ങൾ എന്ന് നിച്ച് പറയുന്ന ഖുർആന്റെയും സ്വഹീഹായ ഹദീസുകളുടെയും മാത്രം അടിസ്ഥാനത്തിൽ സാക്ഷി നിച്ചുമായി സംവാദത്തിന് തയാറാണെന്ന് ഞങ്ങൾ സ്പഷ്ടമായി നിങ്ങൾക്ക് എഴുതിയിട്ടുള്ളതിനാൽ സംവാദത്തിൽ നിന്ന് നിങ്ങൾ ഒഴിഞ്ഞുമാറുന്നതിന്റെ യഥാർത്ഥ കാരണം വെളിപ്പെടുത്തുകയും സാധാരണ മുസ്ലീങ്ങളോട് അവരെ ഇത്രയും നാൾ നുണ പറഞ്ഞ് വഞ്ചിച്ചതിനു അവരോട് നിരുപാധികമായ ക്ഷമാപണം നടത്തുകയും ചെയ്യുമോ?

(2) ഞങ്ങളുമായി നിങ്ങൾ എഴുതിയെന്ന് പറയപ്പെടുന്ന (ഇല്ലാത്ത) കരാർ പാലിക്കാൻ ഞങ്ങൾ തയാറാകാത്തതുകൊണ്ടായിരുന്നു നിച്ച് സാക്ഷിയുമായി സംവാദം ചെയ്യാത്തത് എന്ന് നിങ്ങൾ നുണ പറഞ്ഞു കൊണ്ടിരിക്കുന്നു. ഞങ്ങളുമായി എഴുതിയെന്ന് പറയപ്പെടുന്ന കരാർ കൊണ്ടുവരാൻ നിങ്ങൾക്ക് കഴിയുമെങ്കിൽ ആ കരാറിന്റെ അടിസ്ഥാനത്തിൽ സാക്ഷി നിച്ചുമായി സംവാദത്തിന് തയാറാണെന്ന് ഞങ്ങൾ സ്പഷ്ടമായി നിങ്ങൾക്ക് എഴുതിയിട്ടുള്ളതിനാൽ, നിങ്ങൾ ഞങ്ങളുമായി സംവാദം ചെയ്യുന്നതിൽ നിന്ന് ഒഴിഞ്ഞുമാറുന്നതിന്റെ യഥാർത്ഥ കാരണം വെളിപ്പെടുത്തുകയും സാധാരണ മുസ്ലീങ്ങളോട് അവരെ ഇത്രയും നാൾ നുണ പറഞ്ഞ് വഞ്ചിച്ചതിനു അവരോട് നിരുപാധികമായ ക്ഷമാപണം നടത്തുകയും ചെയ്യുമോ?

(3) താഴെ കൊടുക്കുന്ന മുലകുടി ഹദീസുകളും അതുപോലെ മറ്റ് നീചമായ ഹദീസുകളും മുഖേനെ ഞങ്ങൾ ഇസ്ലാമിനെ തുറന്നുകാട്ടും എന്നുള്ള ഭയമല്ലേ സാക്ഷിയുമായി സംവാദം നടത്തുന്നതിൽ നിന്നും നിങ്ങളെ ഭയപ്പെടുത്തുന്നത്?

ആയിശ നിവേദനം: സുഹൈലിന്റെ മകൾ സഹ്ള ഒരിക്കൽ നബിയുടെ അരികിൽ വന്നു പറഞ്ഞു: 'അല്ലാഹുവിന്റെ റസൂലെ, സാലിം എന്റെ അടുത്തു പ്രവേശിക്കുന്നതിൽ അബുഹുദൈഫ:യുടെ (സഹ്ളയുടെ ഭർത്താവാണ് അബുഹുദൈഫ:) മുഖത്ത് വെറുപ്പുള്ളതായി തോന്നുന്നു.' അപ്പോൾ നബി പറഞ്ഞു: 'അയാൾക്ക് നീ മുലപ്പാൽ കൊടുക്കുക.' അവൾ ചോദിച്ചു: അയാൾ വലിയ മനുഷ്യനാണല്ലോ, എങ്ങനെ ഞാൻ മുലപ്പാൽ കൊടുക്കും?' അപ്പോൾ നബി പുഞ്ചിരിച്ചുകൊണ്ട് പറഞ്ഞു: അയാൾ വലിയ മനുഷ്യനാണെന്ന് എനിക്കറിയാം.' (സ്വഹീഹ് മുസ്ലീം, വാല്യം 2, ഭാഗം 17, ഹദീസ് നമ്പർ 26)

മുലകുടി ബന്ധത്തിലൂടെ അവരെ അമ്മയും മകനും എന്ന ബന്ധത്തിലേക്ക് കൊണ്ടുവരാൻ വേണ്ടിയാണ് മുഹമ്മദ് ഈ തന്ത്രം പറഞ്ഞു കൊടുക്കുന്നത്. പക്ഷെ, ഇതിനേക്കാൾ വൃത്തികെട്ട ഒരു പരിപാടി വേറെ ഉണ്ടോ? തീർന്നില്ല, മുഹമ്മദിന്റെ സ്വന്തം ഭാര്യ ആയിശക്ക് മുലകുടി ബന്ധത്തിൽ ഒരു സഹോദരൻ ഉണ്ടായിരുന്നു. അവൻ ആയിഷയെ കാണാനും വരുമായിരുന്നു. അപ്പോൾ എന്തുണ്ടായെന്നു ആയിശയുടെ വാക്കുകളിൽ നിന്ന് കേൾക്കാം:

"മസ്റൂഖ് നിവേദനം: ആഇശ പറഞ്ഞതായി അദ്ദേഹം പറഞ്ഞു: റസൂൽ എന്റെ അടുത്തു കടന്നു വന്നു. എന്റെ അരികെ ഒരാൾ ഇരിക്കുന്നുണ്ടായിരുന്നു. അത് നബിക്ക് അതിയായ പ്രയാസമുണ്ടാക്കി. നബിയുടെ മുഖത്ത് ഞാൻ കോപം കണ്ടു. അപ്പോൾ ഞാൻ ചോദിച്ചു: 'അല്ലാഹുവിന്റെ പ്രവാചകരേ, നിശ്ചയം ഇദ്ദേഹം മുലകുടി ബന്ധത്തിൽ എന്റെ സഹോദരനാകുന്നു.' അപ്പോൾ നബി പറഞ്ഞു: 'നിങ്ങൾ മുലകുടി ബന്ധത്തിലുള്ള സഹോദരന്മാരെ പറ്റി ശരിക്കും നോക്കണം. വിശപ്പടങ്ങുന്ന നിലക്ക് മുല കുടിച്ചെങ്കിൽ മാത്രമേ മുലകുടി ബന്ധം ഉണ്ടാവുകയുള്ളൂ.' (സ്വഹീഹ് മുസ്ലീം, വാല്യം 2, ഭാഗം 17, ഹദീസ് നമ്പർ 32).

ഇതിനെയല്ലേ നമ്മൾ ഇരട്ടത്താപ്പ് എന്ന് പറയുന്നത്? മറ്റൊരുത്തന്റെ ഭാര്യയോട് പറയുന്നു പ്രായപൂർത്തിയായ ഒരുവന് മുലപ്പാൽ കൊടുക്കാൻ. സ്വന്ത ഭാര്യയും മറ്റൊരുത്തനും

ശൈശവ പ്രായത്തിൽ ഒരേ സ്ത്രീയുടെ മുലപ്പാൽ കുടിച്ചു വളർന്നതിനാൽ ഉണ്ടായ മുലകുടി ബന്ധംനിലനില്ക്കുമോ ഇല്ലയോ എന്നുള്ളതിന് വേറെ ഒരു മാനദണ്ഡം.

ഇത്തരം ഹദീസുകൾ ഞങ്ങൾ പരസ്യമായി വിളിച്ചു പറയും എന്ന ഭയം കൊണ്ടല്ലേ തമിഴ്നാട് തൌഹീദ് ജമഅത്തുമായി സാക്ഷി സംവാദം നടത്തുന്നു എന്നറിഞ്ഞതും നിങ്ങളുടെ സംഘത്തിൽ ഉള്ളവർ തമിഴ്നാട്ടിൽ പോയി തമിഴ്നാട് തൌഹീദ് ജമഅത്തിനോട് ഞങ്ങളുമായി സംവാദം ചെയ്യരുത് എന്ന് പറയാൻ പ്രേരിപ്പിച്ചത് എന്ന് നിങ്ങൾ ഇനിയെങ്കിലും തുറന്ന് സമ്മതിക്കുമോ?

(4) സത്യം പ്രസ്താവിക്കുവാനും നുണകൾക്ക് ക്ഷമാപണം നടത്താനും നിങ്ങൾ തയറാകുന്നില്ലെങ്കിൽ, കള്ളം പറയാൻ നിങ്ങളുടെ പ്രവാചകൻ നിങ്ങൾക്ക് നൽകിയിരിക്കുന്ന അനുവാദത്തിന്റെ പുറത്താണ് നിങ്ങൾ ഇങ്ങനെ കള്ളങ്ങൾ പറഞ്ഞ് കൊണ്ട് പിടിച്ചു നിൽക്കാൻ നോക്കുന്നത് എന്ന് ഞങ്ങൾ സംശയിക്കുന്നതിൽ തെറ്റുണ്ടോ? ഹദീസ് ചുവടെ:

ഹുമൈദ് ബ്നു അബ്ദുർറഹ്മാൻ ബ്നു ഔഫ് നിവേദനം: അദ്ദേഹത്തിന്റെ മാതാവ് ഉമ്മു കുൽസും, ആദ്യമായി ഹിജ്റ ചെയ്ത് നബിയോട് ഉടമ്പടി ചെയ്തവരിൽ പെട്ടവരായിരുന്നു. അവർ നബി പറയുന്നത് കേട്ടു. ‘ജനങ്ങൾക്കിടയിൽ രഞ്ജിപ്പുണ്ടാക്കുന്നവൻ കള്ളം പറയുന്നവനല്ല. അവൻ നന്മ പറയുകയും, നന്മ വളർത്തുകയും ചെയ്യുന്നു.’ ഇബ്നു ശിഹാബ് പറയുന്നു: ‘ജനങ്ങൾ പറയുന്ന കളവിൽ മൂന്ന് കാര്യത്തിലല്ലാതെ ഇളവ് അനുവദിക്കുന്നത് ഞാൻ കേട്ടിട്ടില്ല. യുദ്ധം, ജനങ്ങൾക്കിടയിൽ രഞ്ജിപ്പുണ്ടാക്കൽ, ഒരാൾ തന്റെ ഭാര്യയോടോ, ഒരു സ്ത്രീ തന്റെ ഭർത്താവിനോടോ പറയുന്നത്.’ (സ്വഹീഹ് മുസ്ലീം, വാല്യം 3, ഭാഗം 45, ഹദീസ് നമ്പർ 101 (2605)

ഹദീസ് ശ്രദ്ധിച്ചു വായിച്ചോണേ, "ജനങ്ങൾ പറയുന്ന കളവിൽ മൂന്ന് കാര്യത്തിലല്ലാതെ ഇളവ് അനുവദിക്കുന്നത് ഞാൻ കേട്ടിട്ടില്ല" എന്ന് പറഞ്ഞാൽ എന്താണ് സംഭവം എന്ന് അരിയാഹാരം കഴിക്കുന്നവർക്ക് മനസ്സിലാകും. മൂന്നു കാര്യങ്ങളിൽ കള്ളം പറയാം എന്നാണ് മുഹമ്മദ് പഠിപ്പിച്ചത്. പക്ഷേ നിങ്ങളുടെ പോക്ക് കണ്ടിട്ട് നിങ്ങൾ നിങ്ങളുടെ പ്രവാചകനെയും കടത്തി വെട്ടുന്ന ലക്ഷണമാണല്ലോ. കള്ളം പറയാൻ നിങ്ങളുടെ പ്രവാചകൻ നിങ്ങൾക്ക് അനുവാദം നൽകിയിരിക്കുന്നത് മൂന്ന് കാര്യങ്ങളിലല്ലേ? ആ മൂന്ന് കാര്യങ്ങളിൽ സംവാദത്തിൽ നിന്നും രക്ഷപ്പെടാൻ കള്ളം പറയാം എന്നില്ലല്ലോ. പക്ഷേ നിങ്ങൾ ഇപ്പോൾ ചെയ്യുന്നത് സാക്ഷിയുമായുള്ള സംവാദത്തിൽ നിന്നും എങ്ങനെയെങ്കിലും രക്ഷപ്പെടാൻ വേണ്ടി കള്ളങ്ങളുടെ മേൽ കള്ളങ്ങൾ പറഞ്ഞു കൊണ്ടിരിക്കുന്നതാണ്.

II പോയിന്റ് രണ്ട്, ലെറ്റർപാഡിനെയും സീലിനേയും സംബന്ധിച്ച വാദം:

ലെറ്റർപാഡിനെയും സീലിനെയും സംബന്ധിച്ച് നിങ്ങൾ ബാലിശമായ വാദങ്ങൾ ഉയർത്തിക്കൊണ്ടിരിക്കുന്നു. ഞങ്ങൾക്ക് ഒരു സീലോ ലെറ്റർപാഡോ ഇല്ലാത്തതിനാൽ ഞങ്ങളുമായി സംവാദം ചെയ്യാൻ നിങ്ങൾ ആഗ്രഹിക്കുന്നില്ല എന്ന് നിങ്ങൾ പറയുന്നു.

നിച്ച് ഓഫ് ട്രൂത്തിനെപ്പോലെ കേരളമെന്ന ഠാ വട്ടത്തിലൊതുങ്ങുന്ന പ്രാദേശിക സംഘടനയല്ല, ഇന്ത്യ മുഴുവനുമുള്ള ഒരു ദേശീയ സംഘടനയാണ് സാക്ഷി. ഇന്ത്യയുടെ പല ഭാഗങ്ങളിൽ പല ഇസ്ലാമിക സംഘടനകളുമായും സാക്ഷി സംവാദത്തിൽ ഏർപ്പെട്ടിട്ടുള്ളത് സീല് പതിപ്പിച്ച ലെറ്റർപാഡിൽ കരാർ എഴുതാതെയാണ് എന്നാണോ നിങ്ങൾ വിചാരിച്ചിരിക്കുന്നത്? അല്ല എന്ന് ഞങ്ങൾക്ക് നല്ലവണ്ണമറിയാം. കാരണം, സാക്ഷിയുടെ ഔദ്യോഗിക ലെറ്റർപാഡിൽ ഞങ്ങൾ ഇതിന് മുൻപ് നിങ്ങൾക്ക് കത്തയച്ചിട്ടുള്ളതാണ്. അത് നിങ്ങൾ അത്രപെട്ടെന്ന് മറന്ന് പോകാൻ സാധ്യതയില്ലല്ലോ. സത്യത്തിൽ നിങ്ങളത് മനഃപൂർവ്വം മറന്നതല്ല, സാക്ഷിയുമായുള്ള സംവാദത്തിൽ നിന്നും എങ്ങനെയെങ്കിലും രക്ഷപ്പെടാൻ വേണ്ടിയുള്ള തൊടുന്യായം കണ്ടെത്താനുള്ള വെപ്രാളത്തിൽ ഇക്കാര്യം ഓർക്കാതെ പോയതാണ് എന്ന് മനസ്സിലാക്കാനുള്ള ബോധം ഞങ്ങൾക്കുണ്ട്. എന്തായാലും സീൽ ഉള്ള ലെറ്റർപാഡിൽ അന്തിമ കരാർ ഒപ്പിടാം എന്ന് ഞങ്ങൾ മുൻപേതന്നെ പറഞ്ഞിട്ടുള്ളതിനാൽ നിങ്ങളുടെ ഈ തൊടുന്യായത്തിനും നിലനിൽപ്പില്ല എന്ന് മനസ്സിലാക്കാനുള്ള പഠിപ്പ് തികഞ്ഞില്ലേ നിച്ചിന്റെ ആൾക്കാർക്ക്?

എന്നാൽ നിങ്ങളുടെ യുക്തി അനുസരിച്ച് നോക്കുകയാണെങ്കിൽത്തന്നെ ലെറ്റർ പാഡും സീലും എങ്ങനെ ഉപയോഗിക്കാമെന്ന് നിങ്ങൾ പഠിക്കുന്നതിന് മുൻപ് നിങ്ങൾ വേറെ ചില കാര്യങ്ങൾ പഠിക്കാനുണ്ട്. നിങ്ങളുടെ യുക്തി പിന്തുടരാനും ചെറിയ കാര്യങ്ങൾ കുത്തിപ്പൊക്കാനും ഞങ്ങൾക്ക് ഒട്ടും ആഗ്രഹമില്ല. എങ്കിലും നിങ്ങളെ പഠിപ്പിക്കേണ്ടതുകൊണ്ട് ഞങ്ങൾ ഈ കാര്യങ്ങൾ നിങ്ങളെ ചൂണ്ടിക്കാട്ടുകയാണ്. ഞങ്ങൾ വളരെ സൗമ്യതയോടെയും, നിങ്ങളെ അപമാനിക്കാതെയും നിങ്ങളുടെ ഫയലുകൾ pdf ഫോർമാറ്റിൽ അയച്ചു തരുവാൻ നിങ്ങളോട് എങ്ങനെ ചോദിച്ചോ അതുപോലെ ഞങ്ങൾ ഈ കാര്യങ്ങൾ ചൂണ്ടിക്കാട്ടുകയാണ്. (എന്നിട്ടും നിങ്ങൾ, സ്കാൻ ചെയ്ത ഫയൽ വേർഡ് ഫോർമാറ്റിൽ ആണ് സേവ് ചെയ്ത് ഞങ്ങൾക്ക് അയച്ചുതന്നത് എന്നുള്ളത് വേറെ കാര്യം!!)

നിങ്ങളുടെ ലെറ്റർ പാഡിൽ ആർക്കെങ്കിലും എന്തെങ്കിലും എഴുതി അയക്കുമ്പോൾ ആദ്യം നിങ്ങൾ അതിൽ ഒരു തീയതി ഇടുവാൻ പഠിക്കണം. ഇതൊക്കെ മദ്രസ്സാ വിദ്യാഭ്യാസം മാത്രം ലഭിച്ച, ശരിയായ സ്കൂൾ വിദ്യാഭ്യാസം കിട്ടാത്തതിന്റെ കുഴപ്പമാണ്. സ്കൂളിൽ നിന്ന് കത്തെഴുതാൻ പഠിപ്പിക്കുമ്പോൾ ആദ്യംതന്നെ സ്ഥലവും തിയ്യതിയും വെക്കാനാണ് അധ്യാപകർ പഠിപ്പിക്കുക. അത് കഴിഞ്ഞാണ് മാറ്റർ എഴുതേണ്ടതിനെ കുറിച്ച് പഠിപ്പിക്കുന്നത്. മദ്രസ്സയിൽ കത്തെഴുതാൻ പഠിപ്പിക്കുന്ന പരിപാടി ഒന്നും ഇല്ലാത്തത് കൊണ്ട് മദ്രസ്സ വിദ്യഭ്യാസം മാത്രം കിട്ടിയിട്ടുള്ളവർ കത്തെഴുതിയാൽ ഇങ്ങനെയിരിക്കും! ഏതായാലും ഇനിയെങ്കിലും സാക്ഷിയുമായി കത്തിടപാടുകൾ നടത്തുമ്പോൾ സ്കൂളിൽ പോയിട്ടുള്ളവരെക്കൊണ്ട് ഞങ്ങൾക്ക് മറുപടി എഴുതിക്കുന്നത് നന്നായിരിക്കും. കത്തെഴുത്തിന്റെ അടിസ്ഥാന പാഠങ്ങൾ നിങ്ങളെ പഠിപ്പിച്ചു തരാൻ വേണ്ടി ഞങ്ങളുടെ വിലപ്പെട്ട സമയം നഷ്ടപ്പെടുത്താതിരിക്കാൻ ഞങ്ങൾക്കത് സഹായകരമായിരിക്കും.

ഇനി, വാദത്തിന് വേണ്ടി, ഞങ്ങൾക്ക് ഒരു സീലോ ഒരു ലെറ്റർപാഡോ ഇല്ലെന്നു ഞങ്ങൾ സമ്മതിക്കുകയാണ്. ഒരു സംവാദം ചെയ്യാതിരിക്കാനുള്ള കാരണമാണോ ഈ ഒരു



Post Box No: 1, Koovalassery P.O,
Trivandrum, Kerala, India - 695 512
Email: sakshi.apologeticsnetwork@gmail.com Website: www.sakshitimes.net

വാദം? നിങ്ങൾ അങ്ങനെ കരുതുന്നതിനാൽ താഴെ കാണുന്ന ചോദ്യങ്ങൾക്ക് ദയവായി ഉത്തരം തരിക:

(5) എഴുതാനും വായിക്കാനും കഴിവില്ലാതിരുന്ന ഒരു വ്യക്തിയെ പ്രവാചകനെന്ന് പറഞ്ഞ് നിങ്ങൾക്ക് പിൻപറ്റാമെങ്കിൽ (നിരക്ഷരനായൊരാൾക്ക് ലെറ്റർപാഡും സീലും കൊണ്ട് ഒരു പ്രയോജനവുമില്ലെന്ന് ഞങ്ങൾ പ്രത്യേകിച്ച് പറയേണ്ടതില്ലല്ലോ), ലെറ്റർപാഡും സീലും ഇല്ലെന്ന കാരണം പറഞ്ഞ് ഞങ്ങളുമായുള്ള സംവാദത്തിൽ നിന്നും ഒഴിയുന്നതിന് എന്ത് ന്യായീകരണമാണ് ഉള്ളത്?

(6) ഞങ്ങൾ തന്നെയാണ് കത്ത് എഴുതിയത് അല്ലെങ്കിൽ കരാർ ഒപ്പിട്ടത് എന്നതിന് (സാക്ഷികൾക്ക് ഉപരിയായി) ലെറ്റർപാഡും സീലും ആധികാരികത നൽകുന്നുവെങ്കിൽ, അല്ലാഹുവിൽ നിന്ന് വെളിപ്പാട് ലഭിച്ചതാണെന്ന് അവകാശപ്പെടുന്ന ഒരു ദൂതനെ കണ്ടുമുട്ടിയെന്നു അവകാശപ്പെടുന്ന മുഹമ്മദിന്റെ വാക്കുകൾ അല്ലാതെ ഒരു സാക്ഷി പോലും ഇല്ലാത്ത ഒരു പുസ്തകത്തെ -ഖുർആനിനെ - "വെളിപ്പാട്" എന്ന് പറഞ്ഞ് നിങ്ങൾക്ക് എങ്ങനെ പിന്തുടരാൻ കഴിയും?

(7) സാക്ഷിക്ക് ലെറ്റർപാഡും സീലും ഇല്ലെന്ന് വാദത്തിന് വേണ്ടി ഞങ്ങൾ സമ്മതിച്ചെന്ന് വിചാരിക്കുക, അപ്പോഴും നിങ്ങൾക്ക് സംവാദത്തിൽ നിന്നും ഒളിച്ചോടാനുള്ള ന്യായീകരണം ആകുന്നില്ല അക്കാര്യം. നിങ്ങളുടെ പ്രവാചകന് പ്രവാചകത്വത്തിന്റെ മുദ്ര ഉണ്ടായിരുന്നു എന്ന് നിങ്ങൾ വിശ്വസിക്കുന്നുണ്ടല്ലോ. നിങ്ങളുടെ പ്രവാചകന്റെ പ്രവാചകത്വത്തിന്റെ മുദ്ര അദ്ദേഹത്തിന്റെ മുതുകിൽ ഉണ്ടായിരുന്ന ഒരു തടിച്ച മറുക് ആയിരുന്നു:

ജാബിർ ബ്നു സംറത്ത് നിവേദനം: റസൂൽ തിരുമേനിയുടെ മുതുകിൽ പ്രവാചകത്വമുദ്ര ഞാൻ കണ്ടിട്ടുണ്ട്, മാടപ്രാവിന്റെ മുട്ട പോലെ (സ്വഹീഹ് മുസ്ലീം, വാല്യം 3, ഭാഗം 43, ഹദീസ് നമ്പർ 110)

അബ്ദുല്ലാഹിബ്നു സർജിസ് നിവേദനം: ഞാൻ നബിയെ കണ്ടിട്ടുണ്ട്. നബിയോടൊപ്പം ഞാൻ മാംസവും റൊട്ടിയും ഭക്ഷിച്ചിട്ടുണ്ട്. അദ്ദേഹം (ആസിം) പറയുന്നു: അപ്പോൾ അദ്ദേഹത്തോട് ഞാൻ ചോദിച്ചു: ‘പ്രവാചകൻ നിങ്ങൾക്ക് വേണ്ടി മാപ്പിരന്നുവോ?’ അദ്ദേഹം പറഞ്ഞു: ‘അതെ,നിനക്ക് വേണ്ടിയും.’ പിന്നെ അദ്ദേഹം ഈ വചനം ഓതി: *നിന്റെ പാപമോചനത്തിന് വേണ്ടി നീ തേടുക; സത്യവിശ്വാസികളുടെയും സത്യവിശ്വാസിനികളുടെയും* -(മുഹമ്മദ്:19). പിന്നെ ഞാൻ നബിയുടെ പുറകിലേക്ക് വന്നു. അപ്പോൾ അവിടുത്തെ ഇരു ചുമലുകൾക്കിടയിലും പ്രവാചകത്വ മുദ്ര നോക്കിക്കണ്ടു. ഇടത്തേ ചുമലിന് മുകൾ ഭാഗത്തായി മുഷ്ടി ചുരുട്ടിപ്പിടിച്ചത് പോലെ പാലുണ്ണി പോലെ (ഉയർന്നു നിൽക്കുന്ന) ഒരടയാളം അതിന്മേലുണ്ടായിരുന്നു. (സ്വഹീഹ് മുസ്ലീം, വാല്യം 3, ഭാഗം 43, ഹദീസ് നമ്പർ 112 (2346)

പ്രവാചകത്വത്തിന്റെ മുദ്രയായി പാലുണ്ണി പോലെയുള്ള ഒരു മറുകിനെ നിങ്ങൾ അംഗീകരിക്കുന്നുവെങ്കിൽ എന്തുകൊണ്ട് ഞങ്ങളുടെ ഔദ്യോഗിക ഇമെയിൽ ഐഡിയും വെബ്സൈറ്റും സാക്ഷിയുടെ ലെറ്റർ പാഡായും സീലായും നിങ്ങൾക്ക് അംഗീകരിച്ചു കൂടാ?

(8) "ഞങ്ങളുടെ പ്രവാചകനെ മുഴത്തിന് മുഴമായും ചാണിനു ചാണായും പിൻ പറ്റുന്നവരാണ് ഞങ്ങൾ" എന്നല്ലേ നിങ്ങൾ എപ്പോഴും അവകാശപ്പെടുന്നത്. അങ്ങനെയെങ്കിൽ ഈ കാര്യത്തിൽ നിങ്ങൾ എന്തുകൊണ്ടാണ് നിങ്ങളുടെ പ്രവാചകന്റെ മാതൃക പിന്തുടരുവാൻ ധൈര്യം കാണിക്കാത്തത്? ഹിജ്റ ഒമ്പതാം വർഷത്തിൽ നജ്റാനിൽ നിന്നുള്ള ക്രിസ്ത്യാനികൾ മുഹമ്മദിനെ സന്ദർശിച്ച് സംവാദത്തിൽ ഏർപ്പെട്ടതിന്റെ അനന്തരഫലമായിട്ടാണ് സൂറ ആലു ഇംറാന്റെ എൺപതിൽപരം ആയത്തുകൾ അവതരിപ്പിക്കപ്പെട്ടത് എന്നാണല്ലോ ഇസ്ലാമിക വിശ്വാസം. (കൂടുതൽ അറിയാൻ അമാനി മൌലവിയുടെ തഫ്സീർ ആയ 'വിശുദ്ധ ഖുർആൻ വിവരണം' പേജ് 463, 464 കാണുക) നജ്റാനിൽ നിന്നുള്ള ക്രിസ്ത്യാനികൾ മുഹമ്മദിനോട് സംവാദത്തിന് വന്നപ്പോൾ, വന്നവർക്ക് ഓഫീസും ലെറ്റർപാഡും സീലും ഉണ്ടോ എന്ന് നോക്കിയിട്ടാണോ മുഹമ്മദ് അവരോട് സംവാദത്തിൽ ഏർപ്പെട്ടത്? പോട്ടെ, പേരിന് ഒരു കരാർ എങ്കിലും എഴുതിയിട്ടാണോ മുഹമ്മദ് ക്രിസ്ത്യാനികളോട് സംവാദത്തിന് തയ്യാറായത്? അല്ലല്ലോ, പിന്നെ എന്തിനാണ് ഞങ്ങൾ നിങ്ങളോട് സംവാദത്തിന് വരുമ്പോൾ ഇതൊക്കെ വേണമെന്നു നിർബന്ധം പിടിക്കുന്നത്? പ്രവാചക മാതൃക അനുകരിക്കാൻ കൊള്ളാത്തതാണ് എന്ന് നിങ്ങൾ വിശ്വസിക്കുന്നുണ്ടോ?

(9) "നബിക്ക് എഴുത്തും വായനയുമോന്നും അറിയാത്തത് കൊണ്ട് ലെറ്റർപാഡും സീലും ഉള്ളതും ഇല്ലാത്തതുമൊക്കെ കണക്കാണ്. കരാർ എഴുതിയാലും ഇല്ലെങ്കിലും അദ്ദേഹത്തിന് അത് വായിച്ചു നോക്കാൻ അറിയാത്തത് കൊണ്ട് അതിലും വലിയ കഥയില്ല. പക്ഷേ ഞങ്ങൾക്ക് എഴുത്തും വായനയും അറിയാവുന്നത് കൊണ്ട് സീൽ പതിപ്പിച്ച ലെറ്റർപാഡിൽ കരാർ എഴുതിയാൽ മാത്രമേ ഞങ്ങൾ സംവാദത്തിന് വരൂ" എന്നാണോ നിങ്ങൾ പറയാൻ ശ്രമിക്കുന്നത്? അങ്ങനെയെങ്കിൽ നിങ്ങൾ എന്ന് മുതലാണ് ഇസ്ലാമിൽ മുഹമ്മദിനെക്കാളും വലിയ ആളുകളായത് എന്നറിയാൻ ഞങ്ങൾക്ക് ആഗ്രഹമുണ്ട്.

(10) ഇനി അതല്ല, "പ്രവാചകൻ അങ്ങനെ പലതും ചെയ്തിട്ടുണ്ടാകും, അതൊക്കെ ഞങ്ങളും അനുകരിക്കാൻ പോയാൽ പണ്ട് പ്രവാചകൻ ക്രിസ്ത്യാനികളുടെ മുന്നിൽ ഉത്തരംമുട്ടിയപ്പോൾ പരസ്പരം ശപിക്കാമെന്നു പറഞ്ഞ് വെല്ലുവിളിച്ചു തടി രക്ഷിച്ചത് പോലെ എന്തെങ്കിലും ട്രിക്കുകൾ ഉപയോഗിച്ച് സാക്ഷിയുടെ കൈയിൽ നിന്ന് ഞങ്ങളുടെ തടി രക്ഷിച്ചെടുക്കേണ്ട ഗതികേട് വരും" എന്ന ഭയമാണോ നിങ്ങൾക്കുള്ളത്? ആണെങ്കിൽ കുറഞ്ഞപക്ഷം നിച്ച് ഓഫ് ട്രൂത്തിന്റെ പ്രവർത്തകരുടെ അടുത്തെങ്കിലും അക്കാര്യം തുറന്ന് സമ്മതിക്കാനുള്ള ആർജ്ജവം കാണിക്കുക. കാരണം, ആ പാവങ്ങളൊക്കെ ഇപ്പോഴും ധരിച്ചു വെച്ചിരിക്കുന്നത് സാക്ഷിയാണ് സംവാദത്തിൽ നിന്നും ഒളിച്ചോടുന്നത് എന്നാണ്.

III. പോയിന്റ് മൂന്ന്, ഓഫീസ് വിലാസം സംബന്ധിച്ച വാദം:

ഞങ്ങൾക്ക് ഒരു ഔദ്യോഗിക ഓഫീസ് വിലാസം ഇല്ലെന്ന് നിങ്ങൾ പറഞ്ഞിരിക്കുന്നു. അതിനാൽ ഞങ്ങളോട് സംവാദം ചെയ്യാൻ നിങ്ങൾആഗ്രഹിക്കുന്നില്ല. വാദത്തിന് വേണ്ടി

Post Box No: 1, Koovalassery P.O,
Trivandrum, Kerala, India - 695 512
Email: sakshi.apologeticsnetwork@gmail.com Website: www.sakshitimes.net

ഞങ്ങൾ ഇത് അംഗീകരിക്കുന്നു. എന്നിരുന്നാൽത്തന്നെയും, സംവാദം ചെയ്യാതിരിക്കാൻ ഇതൊരു കാരണമാണോ?

(11) ഒരു അന്ധനായ മനുഷ്യന്റെ അടുത്ത്, അവൻ അന്ധനും താഴ്ന്നവനും ആയതുകൊണ്ട്, മുഖം ചുളിച്ചു തിരിഞ്ഞു കളഞ്ഞ നിങ്ങളുടെ പ്രവാചകനെ അല്ലാഹു താക്കീത് ചെയ്തതായി നിങ്ങളുടെ മുജാഹിദ്ദീൻ വ്യാഖ്യാനം പറയുന്നു (സുറാ അബസ 80:1-12). നിങ്ങളുടെ പോലെ എണ്ണപ്പണം ഞങ്ങൾക്ക് ഇല്ലാത്തതിനാൽ നിങ്ങളും അതുപോലെ ഞങ്ങളുടെ നേരെ മുഖം ചുളിക്കുകയല്ലേ? നിങ്ങളുടെ പ്രവാചകനെ താക്കീത് ചെയ്തതുപോലെ നിങ്ങളെയും തിരുത്തേണ്ടതല്ലേ?

(12) ഈയൊരു യുക്തികൊണ്ട് നിങ്ങൾ നിങ്ങളുടെ തന്നെ പ്രവാചകനെ അപമാനിച്ചിരിക്കുകയാണ്. സുറാ 93-ൽ പറയുന്നു "നിന്നെ അവൻ ഒരു അനാഥയായി കണ്ടെത്തുകയും, എന്നിട്ട് (നിനക്ക്) ആശ്രയം നൽകുകയും ചെയ്തില്ലേ?" എന്ന്. എന്നാൽ ഞങ്ങളുമായുള്ള സംവാദത്തിൽ നിന്നും ഒഴിയാൻ വേണ്ടി നിങ്ങളിപ്പോൾ പിടിച്ചു കൊണ്ടിരിക്കുന്ന യുക്തി അനുസരിച്ച്, നിങ്ങൾ നിങ്ങളുടെ പ്രവാചകനെ അനാഥനും ആശ്രയമില്ലത്തവനുമായി കണ്ടുമുട്ടിയിരുന്നുവെങ്കിൽ നിങ്ങൾ അദ്ദേഹത്തെ പരിഹസിക്കുകയും അവഗണിക്കുകയും ചെയ്യുമായിരുന്നു, അല്ലേ? എങ്ങനെയെങ്കിലും സാക്ഷിയുമായുള്ള സംവാദത്തിൽ നിന്നും രക്ഷപ്പെടാനുള്ള അതിവ്യഗ്രതയിൽ സംവാദത്തിൽ നിന്നും ഒഴിയാൻ വേണ്ടി നിരത്തുന്ന ലൊട്ടുലൊടുക്ക് ന്യായീകരണങ്ങൾ സ്വന്തം വിശ്വാസത്തിന്റെ കടയ്ക്കൽ കത്തിവെക്കുന്നതാണ് എന്ന് ഞങ്ങൾ മനസ്സിലാക്കിത്തരേണ്ടി വന്നു, അല്ലേ?

(13) "എന്റെ ദൈവമേ, ഒരു ദാരിദ്ര്യ ജീവിതം എനിക്ക് പ്രദാനം ചെയ്യണമേ, ദരിദ്രനായി മരിക്കാൻ എനിക്ക് സംഗതി വരുത്തേണമേ, ദരിദ്രന്മാരുടെ കൂട്ടത്തിലേക്ക് എന്നെ ഉയർത്തെഴുന്നേൽപ്പിക്കേണമേ" (അൽ തിർമിദി,ഹദീസ് 1376) എന്ന് പറഞ്ഞ നിങ്ങളുടെ പ്രവാചകനെ നിങ്ങൾ അവഹേളിച്ചിരിക്കുന്നു. ഒരു ഔദ്യോഗിക വിലാസം ഞങ്ങൾക്ക് ഇല്ല എന്ന് പറഞ്ഞുകൊണ്ട് നിങ്ങൾ ഞങ്ങളുമായി സംവാദം ചെയ്യാൻ വിസമ്മതിക്കുന്നു. നിങ്ങളുടെ പ്രവാചകന് തന്റെ ആത്മാർത്ഥമായ അല്ലെങ്കിൽ ആത്മാർത്ഥതയില്ലാത്ത പ്രാർത്ഥന അനുസരിച്ച് ജീവിക്കാൻ കഴിഞ്ഞുവെങ്കിൽ നിങ്ങൾ അദ്ദേഹത്തെ അംഗീകരിക്കുമായിരുന്നോ? അങ്ങനെയാണെങ്കിൽ ഞങ്ങളുമായി സംവാദം ചെയ്യാൻ വിസമ്മതിക്കുന്നതിന്റെ കാരണം എന്ത്? കൊള്ള ചെയ്തും ഭീതി വിതച്ചുമായിരുന്നു നിങ്ങളുടെ പ്രവാചകൻ ധനവാൻ ആയത് എന്നത് വേറെ കാര്യം. എപ്പോഴത്തെയും പോലെ തന്നെത്താൻ നിഷേധിച്ചുകൊണ്ട് ഒരു അവസരവാദി എന്ന് അദ്ദേഹം സ്വയം തെളിയിച്ചു. ഇതേ അവസരവാദ നിലപാട് തന്നെയാണ് നിങ്ങളും പിന്തുടരാൻ ആഗ്രഹിക്കുന്നതെങ്കിൽ അത് തുറന്നു സമ്മതിക്കാനുള്ള ആർജ്ജവം കാണിക്കുക.

എന്നാൽ ഞങ്ങളെ സംബന്ധിച്ച്, ഞങ്ങളുടെ കർത്താവായ യേശു ക്രിസ്തു ഞങ്ങൾക്ക് വേണ്ടി ദരിദ്രനായി തീർന്നു. ഒരു ദരിദ്രനായി ഈ ഭൂമിയിൽ ജീവിച്ചു. സമ്പന്നതയിലായാലും ദാരിദ്ര്യത്തിലായാലും സംതൃപ്തരായിരിപ്പാൻ ഞങ്ങളുടെ അപ്പൊസ്തലന്മാർ ഞങ്ങളെ പഠിപ്പിച്ചു. അതുകൊണ്ടുതന്നെ, ഞങ്ങളുമായി സംവാദത്തിന്

വരുന്നവർക്ക് ഓഫീസ് ഉണ്ടോ ഇല്ലയോ എന്നുള്ളത് ഞങ്ങളെ ഒരുതരത്തിലും ബാധിക്കുന്ന കാര്യമല്ല.

14) നിങ്ങളുടെ യുക്തി ശരിയാണെങ്കിൽ, മതപരമായ പാണ്ഡിത്യത്തിന്റെ അളവുകോൽ ധനസമാഹരണം ആകേണ്ടതാണ്. അങ്ങനെയാണെങ്കിൽ ദരിദ്രരായിരുന്ന പല ഇസ്ലാമിക പണ്ഡിതൻമാരെയും ഞങ്ങൾക്ക് ചൂണ്ടിക്കാണിക്കാൻ കഴിയും. ഞങ്ങളുടെ നേരെ എടുക്കുന്ന അതേ യുക്തി നിങ്ങൾ അവരുടെ നേരെയും എടുത്തുകൊണ്ടു അവരെയെല്ലാം നിങ്ങൾ ഇസ്ലാമിൽ നിന്നും പുറംതള്ളുമോ?

(15) ലെറ്റർ പാഡിനെയും ഓഫീസ് വിലാസത്തെയും കുറിച്ച് ഒച്ചപ്പാടുണ്ടാക്കുന്ന നിങ്ങൾ, നിങ്ങളുടെ ലെറ്റർപാഡിൽ ഓഫീസ് വിലാസം പോലും വച്ചിട്ടില്ല എന്നത് കൂടുതൽ രസകരമായിരിക്കുന്നു. നിങ്ങളുടെ ലെറ്റർ പാഡിൽ ഒരു ഓഫീസ് അഡ്രസ്സ് ഇല്ല. കേവലം ഒരു പോസ്റ്റ് ബോക്സ് നമ്പർ ആണുള്ളത്. ഏതു കടലാസ് സംഘടനക്കും എളുപ്പം സംഘടിപ്പിക്കാൻ കഴിയുന്ന ഒന്നാണ് ഈ പോസ്റ്റ് ബോക്സ് നമ്പർ. എറണാകുളത്ത് വൈറ്റിലയിൽ നിങ്ങൾക്ക് ഒരു ഓഫീസ് കെട്ടിടം ഉണ്ടായിരുന്നതായി ഞങ്ങൾക്ക് അറിയാം. നിങ്ങളുടെ ക്ഷണപ്രകാരം സംവാദ കരാർ എഴുതേണ്ടതിന് ഞങ്ങളുടെ പ്രതിനിധികൾ മുൻപ് ആ ഓഫീസിൽ വന്നിട്ടുള്ളതും നിങ്ങൾ അവരെ അപമാനിച്ച് ഇറക്കി വിട്ടിട്ടുള്ളതുമാണല്ലോ. അതിന് ശേഷമാണ് നിച്ച് ഓഫ് ട്രൂത്ത് പൊട്ടിപ്പൊളിഞ്ഞു പല കഷ്ണങ്ങളായത്. അങ്ങനെ പൊട്ടിപ്പൊളിഞ്ഞടർന്നുമുറിഞ്ഞ് പല കഷ്ണങ്ങളായിത്തീർന്ന നിച്ച് ഓഫ് ട്രൂത്തിലെ ഒരു പ്രബല വിഭാഗം (അതായത് മുഹമ്മദ് ഈസയുടെ നേതൃത്വത്തിലുള്ള നിച്ച് ഓഫ് ട്രൂത്ത് ജിന്ന് വിഭാഗം) നിങ്ങളുടെ ഓഫീസ് വിലാസം ഉപയോഗിക്കാതിരിക്കാൻവണ്ണം നിങ്ങളെ കീഴ്പ്പെടുത്തുകയും അടിമപ്പെടുത്തുകയും ചെയ്തുവോ? അതോ ആ കെട്ടിടത്തിന്മേൽ അവകാശവാദം ഉന്നയിച്ചു കൊണ്ട് നിച്ച് ഓഫ് ട്രൂത്ത് (ജിന്ന് വിഭാഗം) കോടതിയിൽ വല്ല കേസും ഫയൽ ചെയ്യുകയും അന്തിമ വിധി വരും വരേയ്ക്കും ആ കെട്ടിടം തങ്ങളുടെ ഓഫീസ് ആയി ഇരു കക്ഷികളും ഉപയോഗിക്കാൻ പാടില്ല എന്ന വല്ല ഇടക്കാല വിധി നേടിയെടുക്കുകയും ചെയ്തിട്ടുണ്ടോ? വന്നു കയറിയവൻ അക്ബർ മൌലവിയുടെ നേതൃത്വത്തിലുള്ള നിച്ച് ഓഫ് ട്രൂത്തിനെ ഒരു ദിമ്മി ആക്കിമാറ്റിയോ എന്നാരെങ്കിലും സംശയിച്ചു പോയാൽ അവരെ കുറ്റം പറയാൻ പറ്റുമോ? നിങ്ങളുടെ ലെറ്റർ പാഡിൽ കെട്ടിട നമ്പറിന് പകരം പോസ്റ്റ് ബോക്സ് നമ്പർ കണ്ടതുകൊണ്ടുണ്ടായ സംശയങ്ങളാണ് ഇതൊക്കെ. എന്തായാലും ഇത് വളരെ ദുഖകരം -എന്തൊരു വീഴ്ചയും- ആയി പോയി എം എം അക്ബർ മൌലവിക്ക് എന്നോർത്ത് ഞങ്ങൾ ആത്മാർത്ഥമായി സഹതപിക്കുന്നു.

IV. പോയിന്റ് നാല്, "ഒറിജിനൽ സൂക്ഷിക്കാൻ കഴിയുന്നില്ല" എന്ന വാദം സംബന്ധിച്ച്:

ഒറിജിനൽ രേഖ സൂക്ഷിക്കാൻ കഴിയാത്തവരാണ് ഞങ്ങൾ എന്ന് നിങ്ങൾ ആരോപിച്ചു. ഞങ്ങളോട് സംവാദം ചെയ്യാത്തതിന്റെ കാരണങ്ങളിൽ ഒന്നായി നിങ്ങൾ ഇത് പരാമർശിച്ചു. നിങ്ങളുടെ ആരോപണത്തിന്റെ അടിസ്ഥാനം എന്താണെന്ന് ഞങ്ങൾക്ക്

അറിയില്ല. എങ്കിലും, വാദത്തിന് വേണ്ടി, ഇതും ഞങ്ങൾ സമ്മതിക്കാൻ പോവുകയാണ്. എന്നിരുന്നാൽത്തന്നെയും സംവാദത്തിൽ നിന്നും ഒഴിയാനുള്ള കാരണമാണോ ഇത്?

(16) നിങ്ങളുടെ പക്കൽ ഒറിജിനൽ രേഖ ഉണ്ടെങ്കിൽ, നിങ്ങൾക്ക് എന്തുകൊണ്ട് അത് പ്രസിദ്ധീകരിച്ചുകൂടാ? തുടർന്ന് ആ ‘ഒറിജിനൽ രേഖ’യിൽ പറയപ്പെട്ടിരിക്കുന്ന വ്യവസ്ഥകൾ പ്രകാരം നമുക്ക് സംവാദം ചെയ്യാമല്ലോ. അതിന് പകരം ഇങ്ങനെ ഒരു ഒഴികഴിവ് പറഞ്ഞ് സംവാദത്തിൽ നിന്നും ഒളിച്ചോടണോ?

(17) ഒറിജിനൽ സൂക്ഷിക്കാൻ കഴിയാത്തവരാണ് ഞങ്ങൾ എന്ന് വാദത്തിന് വേണ്ടി സമ്മതിച്ചാൽ പോലും സംവാദത്തിൽ നിന്ന് ഒഴിഞ്ഞുമാറുന്നതിനു അത് ഒരു കാരണമാണോ? ആണെങ്കിൽ ഇതേ കാരണം വെച്ചുകൊണ്ട് നിങ്ങൾ അല്ലാഹുവിനെ തള്ളേണ്ടി വരുമല്ലോ. ഞങ്ങൾ ചില ഹദീസുകൾ തരാം:

ഉമർ (റ) പറഞ്ഞു: ‘അല്ലാഹു മുഹമ്മദ് (സ) യെ സത്യവും കൊണ്ട് അയച്ചു. അവിടുത്തേക്ക് അല്ലാഹു ഖുർആൻ അയച്ചു കൊടുത്തു. വ്യഭിചാരിയെ കല്ലെറിഞ്ഞു കൊല്ലണമെന്ന്, അവിടുത്തേക്ക് അല്ലാഹു അയച്ചു കൊടുത്ത ഖുർആനിലുണ്ടായിരുന്നു. (സഹീഹുൽ ബുഖാരി, അദ്ധ്യായം 93, ഹദീസ് നമ്പർ 2169, പേജ് 998, സി.എൻ.അഹമ്മദ് മൌലവിയുടെ തർജ്ജമ)

അബ്ദുല്ലാഹിബ്നു അബ്ബാസ് നിവേദനം: നബിയുടെ മിമ്പറിൽ ഇരുന്നുകൊണ്ട് ഉമർ ഒരിക്കൽ പറഞ്ഞു: മുഹമ്മദ് (സ) യെ സത്യസന്ദേശവുമായി അല്ലാഹു നിയോഗിച്ചു. അദ്ദേഹത്തിനു വേദവും ഇറക്കി. അദ്ദേഹത്തിനു അവതരിപ്പിക്കപ്പെട്ട സന്ദേശത്തിൽ എറിഞ്ഞു കൊല്ലാനുള്ള വിധി അടങ്ങിയ സൂക്തങ്ങളുമുണ്ടായിരുന്നു. ഞങ്ങളത് വായിക്കുകയും മനസ്സിലാക്കുകയും ഗ്രഹിക്കുകയും ചെയ്തിട്ടുണ്ട്. നബി (സ) വ്യഭിചാരിയെ എറിഞ്ഞു കൊന്നു. അദ്ദേഹത്തിനു ശേഷം ഞങ്ങളും ആ ശിക്ഷ നടപ്പിലാക്കി. കാലം കുറേ ചെല്ലുമ്പോൾ അല്ലാഹുവിന്റെ ഗ്രന്ഥത്തിൽ എറിഞ്ഞു കൊല്ലുന്ന ശിക്ഷകൾ കാണുന്നില്ല എന്ന് ആരെങ്കിലും പറയുമെന്ന് ഞാൻ ആശങ്കിക്കുന്നു. അല്ലാഹു അവതരിപ്പിച്ച ഒരു നിർബന്ധ വിധിയിൽ അവർ വീഴ്ച വരുത്തി അവർ പിഴയ്ക്കുകയും ചെയ്യും. അല്ലാഹുവിന്റെ വേദഗ്രന്ഥപ്രകാരം വിവാഹിതനുള്ള എറിഞ്ഞു കൊല്ലുന്ന ശിക്ഷ സത്യമാണ്. സ്ത്രീയാകട്ടെ പുരുഷനാകട്ടെ തെളിവ് സ്ഥാപിക്കപ്പെടുകയോ കുറ്റം സമ്മതിക്കപ്പെടുകയോ ഗർഭിണിയാകുകയോ ചെയ്താൽ ശിക്ഷ (നടപ്പിലാക്കും). (സ്വഹീഹ് മുസ്ലീം, വാല്യം 2, ഭാഗം 29, ഹദീസ് നമ്പർ 15 (1691).

മുഹമ്മദിന് അവതരിപ്പിക്കപ്പെട്ടതായി മുസ്ലീങ്ങൾ ആരോപിക്കുന്ന ഒറിജിനൽ ഖുർആനിൽ വ്യഭിചാരത്തിനുള്ള ശിക്ഷ കല്ലെറിഞ്ഞു കൊല്ലുക എന്നതായിരുന്നു. എന്നാൽ ഇന്നത്തെ ഖുർആനിൽ ഇങ്ങനെയൊരു വാക്യം കാണാനില്ല. ആ വാക്യത്തിന് എന്ത് സംഭവിച്ചു എന്ന് നിങ്ങളുടെ പ്രവാചക പത്നി ആയിശ പറയുന്നത് വായിച്ചോളൂ:

Narrated Aisha 'The verse of stoning and of suckling an adult ten times were revealed, and they were (written) on a paper and kept under my bed. When the Messenger of Allah (SAWW.) expired and we were preoccupied with his death,

a goat entered and ate away the paper." (Sunan Ibn Majah, Book of Nikah, Hadith # 1934) http://www.sunnah.com/ibnmajah/9

English reference : Vol. 3, Book 9, Hadith 1944

ഈ വാക്യം ആട് തിന്നുപോയി എന്നാണ് ആയിശ പറയുന്നത്. കേവലം ഒരു ആടിന്റെ വായിൽ നിന്നും ഒറിജിനൽ സംരക്ഷിക്കാൻ കഴിയാത്ത അല്ലാഹുവിനെ "സർവ്വശക്തനായ ദൈവം" എന്ന് വിളിച്ച് ആർത്ത് നടക്കുന്ന നിച്ച് ഓഫ് ട്രൂത്തുകാരാണ് (ഇല്ലാത്ത) ഒറിജിനൽ സൂക്ഷിക്കാൻ കഴിഞ്ഞില്ല എന്നും പറഞ്ഞ് ഞങ്ങളെ പരിഹസിക്കുന്നതും ഈ കാരണം പറഞ്ഞ് സംവാദത്തിൽ നിന്നും പിന്മാറുന്നതും! നിങ്ങളുടെ വാദത്തിൽ അല്പമെങ്കിലും ആത്മാർത്ഥതയുണ്ടെങ്കിൽ നിങ്ങൾ ആദ്യം തന്നെ "ഒറിജിനൽ സംരക്ഷിക്കാൻ കഴിയാത്ത" അല്ലാഹുവിനെ ഉപേക്ഷിക്കണം. അതാണ് ധൈഷണികമായ സത്യസന്ധത. തീർന്നിട്ടില്ല, ഈ ആയത്തുകൾ മാത്രമല്ല, മുഹമ്മദിന് ലഭിച്ചതായി ആരോപിക്കപ്പെടുന്ന ഒറിജിനൽ ഖുർആനിൽ ഉണ്ടായിരുന്ന അദ്ധ്യായങ്ങൾ പോലും സൂക്ഷിക്കാൻ അല്ലാഹുവിന് കഴിഞ്ഞിട്ടില്ല:

അബുൽ ഹർബിന്റെ പിതാവ് നിവേദനം: ബസ്രയിലെ ഖുർആൻ മന:പാഠമുള്ളവരുടെ അടുക്കലേക്ക് അബു മൂസ അൽ-അശ്അരി ദൂതനെ അയച്ചു. ഖുർആൻ ഹൃദിസ്ഥമാക്കിയ മുന്നൂറു പേർ അദ്ദേഹത്തിന്റെ അടുക്കലെത്തി.

അപ്പോൾ അദ്ദേഹം പറഞ്ഞു: 'ബസ്രയിലെ ഉത്തമരും (ഖുർആൻ) പണ്ഡിതന്മാരുമാണ് നിങ്ങൾ. നിങ്ങൾ പാരായണം ചെയ്യുവിൻ, കാലം നിങ്ങളിൽ നീണ്ടുപോകരുത്. അങ്ങനെ വന്നാൽ നിങ്ങളുടെ മനസ്സ് കടുത്തുപോകും; നിങ്ങളുടെ മുമ്പുള്ളവരുടെ മനം കടുത്തു പോയപോലെ. ഞങ്ങൾ ഒരദ്ധ്യായം പാരായണം ചെയ്തിരുന്നു. ദൈർഘ്യത്തിലും കാഠിന്യത്തിലും ബറാഅത്തിനോട് അതിനെ ഞങ്ങൾ സാമ്യപ്പെടുത്തിയിരുന്നു. എനിക്ക് അത് മറപ്പിക്കപ്പെട്ടു. പക്ഷേ അതിൽനിന്നു എനിക്ക് മന:പാഠമുള്ളത് ഇതാണ്: മനുഷ്യപുത്രന് സ്വത്തിന്റെ രണ്ടു താഴ്വരയുണ്ടെങ്കിലും അവൻ മൂന്നാമത്തേത് കൊതിക്കും. മനുഷ്യപുത്രന്റെ ഉള്ളു നിറയ്ക്കാൻ മണ്ണിനേ കഴിയൂ. ഞങ്ങൾ ഒരു അദ്ധ്യായം പാരായണം ചെയ്തിരുന്നു. മുസബ്ബിഹാത്തിൽപ്പെട്ട ഒരു സൂറയോട് ഞങ്ങൾ അതിനെ സാമ്യപ്പെടുത്തിയിരുന്നു. എന്നാൽ ഞാൻ അത് വിസ്മരിച്ചുപോയി. പക്ഷേ, എനിക്കതിൽ നിന്ന് മന:പാഠമുള്ളത്:

'വിശ്വാസികളേ! നിങ്ങൾ പ്രവർത്തിക്കാത്തത് എന്തിനാണ് നിങ്ങൾ പറയുന്നത്? നിങ്ങളുടെ പിരടികളിൽ സാക്ഷ്യമായി രേഖപ്പെടുത്തപ്പെടുന്നതാണ്. പുനരുത്ഥാന ദിനത്തിൽ അതിനെക്കുറിച്ച് നിങ്ങളോട് ചോദിക്കപ്പെടും.' (സ്വഹീഹ് മുസ്ലീം, വാല്യം 2, ഭാഗം 12, ഹദീസ് നമ്പർ. 119 (1050).

രണ്ടു അദ്ധ്യായങ്ങൾ ഖുർആനിൽ നിന്നും നഷ്ടപ്പെട്ടു പോയിട്ടുണ്ട്. ദൈർഘ്യത്തിൽ ബറാഅത്തിനോട് സാമ്യമുള്ള ഒരു സൂറയും മുസബ്ബിഹാത്തിൽപ്പെട്ടതിനോട് സാമ്യമുള്ള ഒരു സൂറയും മലക്ക് ഓതിക്കൊടുത്തതായി ആരോപിക്കപ്പെടുന്ന ഒറിജിനൽ ഖുർആനിൽ ഉണ്ടായിരുന്നു എന്ന് ഈ ഹദീസിൽ നിന്നും വ്യക്തമാണ്. ആ സൂറകൾ എവിടെപ്പോയി? എന്തുകൊണ്ടാണ് ഉസ്മാനിയ്യാ ഖുർആനിൽ ആ സൂറകൾ കാണാത്തത്? ഒറിജിനലിൽ

ഉണ്ടായിരുന്ന ആ രണ്ട് സൂറകളെ സൂക്ഷിക്കാൻ കഴിയാതിരുന്ന അല്ലാഹുവിൽ വിശ്വസിക്കുന്ന നിങ്ങളാണോ (ഇല്ലാത്ത) ഒറിജിനൽ സൂക്ഷിക്കാൻ കഴിഞ്ഞില്ല എന്ന് ഞങ്ങളുടെ നേരെ ആരോപണം ഉന്നയിക്കുന്നത്? തീർച്ചയായും, ഒറിജിനൽ സൂക്ഷിക്കുന്ന കാര്യത്തിൽ ഞങ്ങൾ അള്ളാഹുവിനെക്കാളും എന്തുകൊണ്ടും ഭേദമാണ്.

(18) ഖുർആനിലെ ആയത്തുകളുടെ എണ്ണം സംബന്ധിച്ച് പണ്ഡിതന്മാർക്കിടയിൽ ഉള്ള അഭിപ്രായങ്ങൾ ആണ് താഴെ കൊടുക്കുന്നത്. ഇന്നത്തെ ഖുർആനിൽ 6236 ആയത്തുകൾ ആണ് ഉള്ളത്. എന്നാൽ ഈ ആദിമകാല ഇസ്ലാം പണ്ഡിതന്മാർ പറയുന്ന കണക്ക് വ്യത്യസ്തമാണ്:

The number of the verses according to Scholars:

Ibn-i Abbas (ra): 6616,

Nafi (ra): 6217,

Shayba (ra): 6214,

Scholars of Egypt (ra): 6226,

Zamahshari (ra) (the genius Eloquence Scholar of the Arabic language and literature); 6666.

Bediuzzaman, mujaddid (the reformer) of the 13.century, also has the opinion of 6666 verses.

Ibn-i Huzeyme, one of the big imams, made the following explanations on “6666” issue while handling the “Quran’s miracle of number” topic of his book titled “An Nasih wa’l Mansuh”:

There are 1000 verses about promising (wa’ad);

1000 about threat (wa’id);

1000 command (amr) verses;

1000 forbiddance (nahy) verses;

1000 information and story verses;

1000 warning and example verses;

500 verses about ruling;

100 verses about invocation and glorification;

66 “nasih and mansuh” ("the abrogating and abrogated") verses.

Totally there are 6666 verses in the Quran.

Consequently, the expression “Quran has 6666 verses.” is based on the mentioned points.

But today, accepting the opinion of Kufa, all Qurans consist of 6236 verses.

SAKSHI APOLOGETICS NETWORK Post Box No.1 Koovalassery P.O., TVM 695 512

ഇനി ഇസ്ലാമിക് ഇൻഫോ എന്ന സൈറ്റിൽനിന്നും കിട്ടിയത്:

How many total verses in the Holy Quran?

There are several answers given to us.

Majority would answer 6,666 verses.

Others would answer 6,240 verses, 6,226 verses or other answers in the range of 6,000-7,000 verses.

We read the the same Quran throughout the world so there should be one answer only.

It seem trivial but it is important to know the fact.

To put the debate to rest, I decided to calculate the number of verses in the Holy Quran using MS Excel spreadsheet.

The definite answer is 6236 verses

(http://www.islamic-info.com/2009/07/how-many-total-verses-in-holy-quran.html )

ഇനി വേറെ ഒരു ഇസ്ലാമിക് സൈറ്റിൽനിന്നും കിട്ടിയത്:

Divisions of the Quran

Al-Quran is divided into thirty equal divisions, which are called juz in Arabic. There are 114 chapters, of varying length. The longest chapter is Al-Baqarah consisting of 286 verses and the shortest chapter is AlKawthar consisting of three verses only. The whole Quran has 6,666 verses containing 336,233 letters. (http://www.angelfire.com/me/anneesa/Quran.html )

ഈ കണക്കുകൾ പ്രകാരം ബഹുഭൂരിപക്ഷം പണ്ഡിതന്മാരുടെയും അഭിപ്രായത്തിൽ ഖുർആനിൽ നിന്നും 430 ആയത്തുകൾ (6666-6236=430) നഷ്ടപ്പെട്ടിരിക്കുന്നു. ഒറിജിനൽ ഖുർആനിൽ ഉണ്ടായിരുന്നതായി പറയപ്പെടുന്ന ഇത്രയധികം ആയത്തുകൾ സൂക്ഷിക്കാൻ കഴിയാത്ത അല്ലാഹുവിനെ തള്ളാൻ നിങ്ങൾ എന്തുകൊണ്ട് ധൈര്യം കാണിക്കുന്നില്ല?

(19) മൂന്നാം ഖലീഫ ഉസ്മാൻ തന്നെ നിങ്ങളുടെ ഖുർആൻ മാറ്റിയെന്നും അതുകൊണ്ടാണ് മുഹമ്മദ് തന്നെ നിയമിച്ച നാല് ഖുർആൻ അദ്ധ്യാപകരിൽപ്പെട്ട ഉബയ് ബിൻ കഅബ്, ഇബ്നു മസ്ഊദ് തുടങ്ങിയവർ ഉസ്മാന്റെ ഖുർആന് എതിരായിരുന്നതെന്നും നിങ്ങൾക്ക് അറിഞ്ഞുകൂടെ? അങ്ങനെയെങ്കിൽ എന്തുകൊണ്ട് ഉസ്മാന്റെ കയ്യിൽ നിന്നും ഒറിജിനൽ ഖുർആൻ സംരക്ഷിക്കാൻ കഴിയാത്ത അല്ലാഹുവിനെ നിങ്ങൾക്ക് തള്ളിക്കൂടാ? ഉസ്മാൻ തിരുത്തിയ ഖുർആനെ ഉബയ് ബിൻ കഅബും ഇബ്നു മസൂദും തള്ളിയ പോലെ നിങ്ങൾക്കും തള്ളിക്കൂടാ?

(20) തീർന്നില്ല, അതിനു ശേഷം ഹജ്ജാജ് ഇബ്നു യുസഫ് പിന്നെയും ഖുർആൻ തിരുത്തിയെന്ന് നിങ്ങൾക്ക് അറിഞ്ഞുകൂടേ? ഒരു ചെറിയ ഉദാഹരണമെടുത്താൽ, മുഹമ്മദിന് മലക്ക് ചൊല്ലിക്കൊടുത്തതായി ആരോപിക്കപ്പെടുന്ന ഒറിജിനൽ ഖുർആൻ എഴുതപ്പെട്ടത് സ്വരാക്ഷരങ്ങളില്ലാത്ത കുഫിക് ലിപിയിൽ ആയിരുന്നല്ലോ. ആ ലിപിയിൽ അൽ റജിമും അൽ രഹിമും ഒരേപോലെ എഴുതിയിരുന്നതു കൊണ്ടു ശപിക്കപ്പെട്ടവൻ

എന്ന് കൂടി അല്ലാഹുവിന് അർത്ഥം കൊടുക്കുവാൻ കഴിയുമായിരുന്നു. അറബി ലിപിക്ക് സ്വരാക്ഷരങ്ങൾ കണ്ടുപിടിച്ച ഹജ്ജാജ് ഇബ്നു യുസഫ് ആണ് ആ തർക്കത്തിന് തീർപ്പുണ്ടാക്കിയത്. അൽ റജിം എന്ന് എഴുതിയിരിക്കുന്നതിനെ അൽ റഹിം എന്ന് തിരുത്താനുള്ള അധികാരം ഹജ്ജാജിന് ആരു കൊടുത്തു? ഹജ്ജാജിന്റെ കൈയിൽ നിന്നും ഒറിജിനൽ സൂക്ഷിക്കാൻ കഴിയാത്ത അല്ലാഹുവിനെ നിങ്ങൾ എന്തുകൊണ്ട് തള്ളുന്നില്ല? ഹജ്ജാജ് തിരുത്തിയ ഖുർആൻ നിങ്ങൾ എന്തുകൊണ്ട് തള്ളുന്നില്ല?

V. പോയിന്റ് അഞ്ച്, "എഴുത്തിൽ ഒപ്പിടാൻ വേണ്ടി നുണ പറയുന്നു" എന്ന വാദത്തിനെ സംബന്ധിച്ച്:

കരാർ ഒപ്പിടാൻ വേണ്ടി മാത്രം നുണ പറയുന്ന നുണയൻമാരാണ് ഞങ്ങൾ എന്ന് നിങ്ങൾ പറഞ്ഞു. ഞങ്ങൾ ഒരിക്കലും അങ്ങനെ ചെയ്തിട്ടില്ല. ഇനി എന്തെങ്കിലും തെറ്റുകൾ ഞങ്ങളുടെ ഭാഗത്ത് നിന്ന് വന്നിട്ടുണ്ടെങ്കിൽ കൂടി (ഇത് വരെ അങ്ങനെ ഉണ്ടായിട്ടില്ല, എങ്കിലും മനുഷ്യർ എന്ന നിലയിൽ ഭാവിയിൽ അത് സംഭവിക്കുകയാണെങ്കിൽ) ഞങ്ങളുടെ ദൈവം സത്യവാനായതിനാൽ അന്തരഫലത്തെ കുറിച്ച് ചിന്തിക്കാതെ ഞങ്ങൾ അത് തിരുത്തും. എന്നാൽ നിങ്ങളുടെ വാദം അനുസരിച്ച് നിങ്ങൾ ആദ്യം ഇസ്ലാം വിടേണ്ടതായിരുന്നു. അല്ലാത്തപക്ഷം, ദയവായി താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉത്തരം തരിക:

(21) അൽ മകരി എന്ന് അറിയപ്പെടുന്ന അല്ലാഹുവിനെ നിങ്ങൾക്ക് എങ്ങനെ പിന്തുടരാൻ കഴിയും?

(22) പ്രമാണഗ്രന്ഥങ്ങളുടെ കാര്യത്തിൽ എകാഭിപ്രായത്തിലെത്താൻ കഴിയാഞ്ഞത് കൊണ്ടാണ് സാക്ഷിയുമായുള്ള സംവാദം നടക്കാതെ പോയതെന്ന് നിങ്ങൾ ആദ്യം നുണ പറഞ്ഞു. സാക്ഷിയുമായുള്ള പഴയ കരാർ റദ്ദാക്കാതെ പുതിയൊരു കരാർ എഴുതാൻ ഞങ്ങൾക്ക് വകുപ്പില്ല, അതുകൊണ്ടാണ് സാക്ഷിയുമായുള്ള സംവാദം നടക്കാത്തതെന്ന് പിന്നീട് നിങ്ങൾ മറ്റൊരു നുണ പറഞ്ഞു. ഇങ്ങനെ നുണയുടെ മുകളിൽ നുണകൾ മാത്രം പറഞ്ഞ് കൊണ്ട് നടക്കുന്ന നിങ്ങളാണോ സത്യത്തിന് വേണ്ടി, സത്യത്തോടെ നിൽക്കുന്ന ഞങ്ങളെ നുണയന്മാർ എന്ന് വിളിക്കുന്നത്?

(23) നിലമ്പൂർ ഞങ്ങളുടെ കേന്ദ്രം ആണെന്ന് നിങ്ങൾ നുണ പറഞ്ഞിരിക്കുന്നു. ആദരണീയനായ റവ.ഡോ.ജോൺസൺ തേക്കടയിൽ ഉൾപ്പെടെ ഞങ്ങളുടെ പ്രിയപ്പെട്ട സഹോദരന്മാർ പലരും താമസിക്കുന്ന ഒരു സ്ഥലമാണ് നിലമ്പൂർ. നിങ്ങളോട് ആരാണ് അത് ഞങ്ങളുടെ കേന്ദ്രമാണെന്ന് പറഞ്ഞത്? "സാക്ഷിയുടെ കേന്ദ്രത്തിൽ" വച്ച് ഒരു കരാർ ഒപ്പിട്ടപോലെ വരുത്തിത്തീർത്ത് മുസ്ലിമുകളെ വഞ്ചിക്കാൻ ഉള്ള നിങ്ങളുടെ ഒരു നുണയല്ലേ അത്?

SAKSHI APOLOGETICS NETWORK
Post Box No.1
Koovalassery P.O.,
TVM 695 512

നിങ്ങളുടെ ഒറ്റവരി കത്തിലെ എല്ലാ ആരോപണങ്ങൾക്കും ഞങ്ങൾ മറുപടി നൽകി കഴിഞ്ഞിരിക്കുന്നു. സംവാദത്തിൽ നിന്നും ഒഴിയാൻ വേണ്ടി നിങ്ങൾ പറഞ്ഞ കാരണത്തിന്റെ പൊള്ളത്തരങ്ങളും ഞങ്ങൾ വെളിപ്പെടുത്തിയിരിക്കുന്നു. നിങ്ങളിൽ നിന്നും പൊട്ടിപ്പൊളിഞ്ഞടർന്നുമുറിഞ്ഞ് പല കഷ്ണങ്ങളായിത്തീർന്ന നിച്ച് ഓഫ് ട്രൂത്തിലെ ഒരു പ്രബല വിഭാഗമായ ജിന്ന് വിഭാഗം നിച്ച് ഓഫ് ട്രൂത്തിന് നേതൃത്വം നൽകുന്ന ശ്രീ.മുഹമ്മദ് ഈസ ഞങ്ങൾക്ക് നൽകിയ ഒൻപത് പേജുള്ള ഒരു കത്തിന് 153 പേജുള്ള ഒരു മറുപടി ഞങ്ങൾ നൽകിയത് വായിച്ചത് കൊണ്ടായിരിക്കും നിങ്ങൾ ഈ ഒറ്റവരിക്കത്തെഴുതിയത് എന്ന് ഞങ്ങൾ ന്യായമായും അനുമാനിക്കുന്നു. നിങ്ങളുടെ ഒറ്റവരിക്കത്തിൽ ഞങ്ങളുടെ ശ്രദ്ധയിൽപ്പെട്ട എല്ലാ ആരോപണങ്ങൾക്കും ഞങ്ങൾ മറുപടി നൽകിയിട്ടുണ്ട്. ഏതായാലും ഇപ്രാവശ്യം നിങ്ങൾ ഞങ്ങളുടെ മുന്നിൽ നിന്നും രക്ഷപ്പെടുന്നതിനു പറഞ്ഞ ന്യായീകരണം അത്യന്തം ബാലിശവും കേൾക്കുന്നവർ എല്ലാം നിങ്ങളെ പരിഹസിച്ചു ചിരിക്കുന്ന വിധത്തിലുള്ളതും ആയതിനാൽ നിങ്ങളെ ആ പരിഹാസ്യാവസ്ഥയിൽ നിന്നും രക്ഷിക്കണം എന്ന ആഗ്രഹം ഞങ്ങൾക്കുള്ളത് കൊണ്ട് ഈ മറുപടി സീല് പതിപ്പിച്ച ഞങ്ങളുടെ ലെറ്റർപാഡിൽ തന്നെ ഞങ്ങൾ നൽകുകയാണ്. അതുകൊണ്ട് ഇനി സാക്ഷിയുമായുള്ള സംവാദത്തിൽ നിന്നും ഒഴിയാൻ ഈ ബാലിശമായ കാരണം പറഞ്ഞ് നിങ്ങൾക്ക് നാണംകെടേണ്ടി വരില്ല എന്ന് ഞങ്ങൾക്കുറപ്പുണ്ട്. ആയതിനാൽ ഈ കത്ത് കിട്ടിയ ഉടനെതന്നെ സാക്ഷിയുമായുള്ള സംവാദത്തിന് തയ്യാറാണെന്ന് പറഞ്ഞുകൊണ്ടുള്ള ഒരു മറുപടി കത്ത് നിങ്ങളിൽ നിന്നും ഞങ്ങൾ പ്രതീക്ഷിക്കുന്നു.

എന്ന്

സാക്ഷി അപ്പൊളജെറ്റിക്സ് നെറ്റ്വർക്കിന് വേണ്ടി

വിശ്വസ്തതയോടെ

അനിൽകുമാർ വി അയ്യപ്പൻ.

SAKSHI APOLOGETICS NETWORK
Post Box No.1
Koovalassery P.O.,
TVPM 695 512

തിരുവനന്തപുരം
06.04.2016